**നം.കെ.എസ്.എ–കെ.ടി.എം.പി7/1779/2019** **തീയതി : 28.01.2020**

# കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2018 മുതൽ 30.09.19 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ആകെ 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 20.11.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ.സാബു സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.11.2019 മുതൽ 20.11.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി അനിത കുമാരി കെ.എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാന്റി ജോർജ്ജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജിമോൻ പി.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ആൽബിൻ സിറിയക് | ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.തോമസ് ജോർജ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ലിജോ ജോബ് | 01.04.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ബിനി ഫിലിപ്പ് | 1.04.2018 മുതൽ 31.3.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി യമുന ദേവി | 1.04.2018 മുതൽ 31.3.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.വിമൽകുമാർ എം.ബി. | 1.04.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ. | ശ്രീ.കപിൽ കെ.എ. | 1.04.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.വിനീത റ്റി.സ്. | 1.04.2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ലളിതാദേവി | 1.04.2018 മുതൽ 1.7.2018 വരെ |

| | | |
|---|---|---|
| | ശ്രീമതി ഗീതാംബിക | 1.4.18 മുതൽ 12.07.18 വരെ |
| | ശ്രീമതി സ്വപ്ന | 13.07.18 മുതൽ 06.09.18 വരെ |
| | ശ്രീമതി ശ്രീകല | 07.09.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ആനി നെറിൻ സക്കറിയ | 1.04.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ബിനോജ് കെ.ജോസ് | 1.04.2018 മുതൽ 31.3.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ലിബീഷ് മാത്യു | 1.04.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | ശ്രീ.ജോഷി ജോസഫ് | 01.04.2018 മുതൽ 30.04.18 വരെ |
| | ശ്രീ.അനിൽകുമാർ ഡി. | 01.05.2018 മുതൽ 31.07.2018 വരെ |
| | ശ്രീമതി സ്മിത | 01.08.2018 മുതൽ 18 .03.19 വരെ |
| | ശ്രീമതി ധനലക്ഷ്മി എസ്. | 18.03.2019 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | വാർഷിക പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയും വിശകലനവും |
| 1-8 | മൊബൈൽ ടവറുകളുടെ കുടിശിക ഈടാക്കിയിട്ടില്ല |
| 1-9 | പെർമിറ്റ് എടുക്കാതെ നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ ക്രമവൽക്കരണം-ഫീസ് ഈടാക്കുന്നതിൽ കുറവ് സംഭവിച്ചു |
| 1-10 | ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽനികുതി ഡിമാന്റ് |

| | |
|---|---|
| | ചെയ്ത് ഈടാക്കിയിട്ടില്ല |
| 1-11 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 1-12 | റേഷൻകടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല |
| 1-13 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു |
| 1-14 | വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല |
| 1-15 | വാടക പുതുക്കിയ നിരക്കിൽ ഈടാക്കിയിട്ടില്ല |
| 1-16 | ഗുണഭോക്തൃ വിഹിതം അതാത് ദിവസം പഞ്ചായത്തിൽ അടക്കുന്നില്ല |
| 1-17 | നിർമ്മാണ തൊഴിലാളി ക്ഷേമ വിഹിതം-കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല |
| 1-18 | ഇ-ടെൻഡർ ഫീസ്-ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു |
| 1-19 | പഞ്ചായത്ത് കമ്മറ്റി യോഗങ്ങളിൽ തുടർച്ചയായി പങ്കെടുക്കാത്ത അംഗത്തിന് ഓണറേറിയം നൽകിയത്-തുക തടസ്സപ്പെടുത്തുന്നു |
| 1-20 | പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം രേഖകളുടെ സൂക്ഷിപ്പ് കൃത്യമല്ല. ഇന്ധനം നിറയ്ക്കുന്നതിന് അധിക യാത്രകൾ നടത്തുന്നു |
| 1-21 | സർക്കാർ ഉത്തരവിനനുസരിച്ച് സമയബന്ധിതമായി തുക ഒടുക്കിയില്ല-റവന്യൂ റിക്കവറി |
| 1-22 | മരുന്നുകൾ ലഭ്യമായിട്ടില്ല |
| 1-23 | പദ്ധതി നിർവ്വഹണം-നടപടിക്രമങ്ങളിൽ അപാകതകൾ |
| 1-24 | എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്താതെ തുക നൽകി |
| 1-25 | സെക്രട്ടറി നിർവ്വഹണം നടത്തിയ വൈദ്യുതീകരണ പ്രോജക്ടുകൾ-നിർവ്വഹണത്തിലെ അപാകതകൾ |
| 1-26 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ |
| 1-27 | വിവാഹ ധനസഹായം(എസ്.സി.)അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആൾക്ക് നൽകി |
| 1-28 | കിണർ റീചാർജിംഗ് പ്രോജക്ട് സംബന്ധിച്ച് |

| | |
|---|---|
| 1-29 | വീട് വാസയോഗ്യമാക്കൽ(എസ്.സി.പി.)പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 1-30 | പട്ടികജാതി മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 1-31 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചറുകൾ-പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ |
| 1-32 | മരാമത്ത് പ്രവൃത്തികൾ-ടെണ്ടറുകൾ മത്സരാധിഷ്ഠിതമല്ല |
| 1-33 | വിവിധ അങ്കണവാടികളുടെ മെയിന്റനൻസ്-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 1-34 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ |
| 1-35 | കന്നുകുട്ടി പരിപാലനം-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ - ഇല്ല |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ - ഇല്ല |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

| | |
|---|---|
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 22.03.2018 തീയതിയിലെ 111/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 27,94,335 | 82,95,761.90 | 5,501,426 | |
| വരവ് | 10,96,59,800 | 6,50,72,388 | | 4,45,87,412 |
| ആകെ | 11,24,54,135 | 7,33,68,149.90 | | 3,90,85,986 |
| ചെലവ് | 10,96,52,000 | 65,84,608 | | 3,71,15,913 |
| നീക്കിയിരിപ്പ് | 28,02,135 | 75,22,062.90 | | 47,19,927 |

പ്രതീക്ഷിത വരവുചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമാണുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

### 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത്/നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 81,48,000 | 81,48,000 | 78,50,585 | 2,97,415 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 18,88,000 | 18,88,000 | 18,87,300 | 700 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 1,66,19,000 | 1,66,19,000 | 1,56,12,009 | 10,06,991 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 27,80,000 | 27,80,000 | 22,39,934 | 5,40,066 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | 37,81,000 | 37,81,000 | 21,53,737 | 16,27,263 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | 509 | 2,74,183 | 2,74,692 | 2,72,716 | 1,976 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 14,67,534 | 14,67,534 | 12,44,774 | 2,22,760 |
| | ജില്ലാ പഞ്ചായത്ത് | | 23,55,350 | 23,55,350 | 19,44,219 | 4,11,131 |
| ബി ഫണ്ട് | | | 25,000 | 25,000 | 25,000 | |

### 1-3 വാർഷിക പദ്ധതി അവലോകനം

കൊഴുവനാൽ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 15.2.19ലെ 490/18 /DPC/DPO/KTM നം. ഉത്തരവ് പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും വകയിരുത്തിയ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 5,19,50,126 രൂപയും ആകെ ചെലവ് 3,97,80,321 രൂപയുമാണ്. അംഗീകാരം ലഭിച്ച 146 പ്രോജക്ടുകളിൽ 125 എണ്ണം നടപ്പാക്കിയിട്ടുണ്ട്.

പദ്ധതിരൂപീകരണത്തിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള താഴെപ്പറയുന്ന നടപടിക്രമം പാലിച്ചിട്ടുണ്ട്.

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 1.3.18 മുതൽ 5.3.18 വരെ |
| വികലാംഗഗ്രാമസഭ | 6.3.18 |
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 23.2.18 |
| വികസനസെമിനാർ | 9.3.18 |

മേല്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിലും വാർഷികപദ്ധതി രൂപീകരണം സൂക്ഷ്മവിശകലനത്തിനു വിധേയമാക്കുമ്പോൾ പദ്ധതി ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനു വേണ്ടി നാമമാത്രമായി മാത്രം നിർവ്വഹിച്ചിട്ടുള്ളതാണെന്ന് കാണുന്നു. പദ്ധതി ആസൂത്രണപ്രക്രിയ ആരംഭിക്കുന്നതിനു മുന്നോടിയായി 12 വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചിട്ടുള്ളതായി പഞ്ചായത്തുകമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ദീർഘകാല വികസനപരിപ്രേക്ഷ്യം മുൻനിർത്തി സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതുപ്രകാരമുള്ള ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിറവേറ്റിയിട്ടില്ല. അതതു വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക, അവസ്ഥാരേഖ പരിഷ്കരിക്കുക, അവസ്ഥാരേഖയെ അടിസ്ഥാനമാക്കി പ്രോജക്ടുകൾ രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമെങ്കിൽ മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക തുടങ്ങിയുള്ള ചുമതലകൾ യഥാവിധി നിർവ്വഹിച്ചിട്ടില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. മേല്പറഞ്ഞ പ്രവർത്തനങ്ങൾക്കായി വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേരേണ്ടതാണെങ്കിലും 2018-19 വാർഷികപദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 23.2.18 തീയതിയിൽ ഒറ്റ യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. മുൻവർഷങ്ങളുടെ ആവർത്തനമായി ചില പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിനനുബന്ധമായി രൂപീകൃതമായ വാർഷികപദ്ധതിയിലും പതിവുപ്രോജക്ടുകൾ മാത്രമാണ് ഉൾപ്പെട്ടിരുന്നത്.

പദ്ധതി രൂപീകരണത്തിൽ ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും സജീവപങ്കാളിത്തം ഇല്ലാതിരുന്നതിനാൽ കുറ്റമറ്റ രീതിയിൽ ഗുണഭോക്തൃപട്ടിക തയ്യാറാക്കാൻ സാധിച്ചിട്ടില്ല. അച്ചടിച്ച അന്തിമഗുണഭോക്തൃലിസ്റ്റിൽ ഗുണഭോക്താക്കളുടെ വാർഡ് രേഖപ്പെടുത്തിയിട്ടില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥർക്ക് കൈമാറുന്ന ഗുണഭോക്തൃലിസ്റ്റിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായിരിക്കേണ്ടതാണ്. പഞ്ചായത്തുകമ്മിറ്റി തീരുമാനപ്രകാരം പിന്നീട് കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ടെങ്കിലും ഗ്രാമസഭയുടെ സാധൂകരണം വാങ്ങിയിട്ടില്ല. പദ്ധതിരൂപീകരണത്തിന്റെ ചെലവുകൾ പരിശോധിച്ചതിൽ അന്തിമഗുണഭോക്തൃലിസ്റ്റ് അച്ചടിക്കുന്നതിന് തുക ചെലവഴിച്ചതായി കാണുന്നില്ല. പദ്ധതി നിർവ്വഹണത്തിന് മുന്നോടിയായി ഗുണഭോക്തൃലിസ്റ്റ് അന്തിമമാക്കിയിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു.

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് മേൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽനോട്ടമുണ്ടായിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ വിനിയോഗലക്ഷ്യം കൈവരിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി 34,72,435 രൂപ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്

ആത്യന്തികമായി നഷ്ടപ്പെട്ടു. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിച്ച് ബിൽ സമർപ്പിക്കാതിരുന്നതിനാൽ 9 ബില്ലുകൾ ക്യൂ ലിസ്റ്റിൽ പെടുകയും 20 ലക്ഷത്തോളം രൂപ ലാപ്സാകുകയും ചെയ്തിട്ടുണ്ട്. സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കുന്നതിലും വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. വാർഷികപദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കുന്നതിന് ആസൂത്രണ/നിർവ്വഹണ ഘടകങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം ആവശ്യമാണ്.

## 1-4 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ചെലവുകളുടെ നിയമാനുസാരത പ്രാഥമികമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കുമാരെയും അക്കൗണ്ടന്റിനെയും ഓഫീസ് ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രോജക്ടുകൾ 95%പൂർത്തീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് കാരണമായ വിവിധ വിഷയങ്ങളിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകത പരിഹരിക്കേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. കൂടാതെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

**ക്യാഷ് വെരിഫിക്കേഷൻ 12.11.2019ൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,110/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.**

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.04.2019 | 2/2019 വരെ | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.02.2018 -16.02.2018 | 2016-17 വരെ. | എൽ.1ബി.എ(എച്ച്.ക്യൂ)II/8എ-2770/36/ 06.04.2018 |

## 1-7 വാർഷിക ധനകാര്യപത്രികയുടെ പരിശോധനയും വിശകലനവും

**2018-19** സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ, വാർഷിക കണക്കിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.

3) വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. (ഇതിനുള്ള അക്കൗണ്ട് ശുദ്ധീകരണ (Purification) നടപടികൾ പൂർത്തിയായിട്ടില്ല).

4) മൂന്ന് മാസത്തിലധികമായി പണമാക്കിയിട്ടില്ലാത്ത ചുവടെ ചേർക്കുന്ന ചെക്കിൻെറ തുക ബാധ്യത ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ചെക്ക് നം., തീയതി | തുക |
|---|---|
| 48570, 16.05.2018 | 1,000 |

5) കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ, വർഷാവസാന നീക്കിയിരിപ്പായി, ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടുള്ള തുകയായ 11,127/- രൂപയുടെ വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

6) റസീപ്റ്റ് & പേയ്മെൻറ് അക്കൗണ്ട് RP-4ഷെഡ്യൂളിൽ 140500199 ഹെഡിൽ 500/- രൂപ നെഗറ്റീവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു.

7) പിരിഞ്ഞ് കിട്ടാനുള്ള തുകയ്ക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

## 1-8 മൊബൈൽ ടവറുകളുടെ കുടിശിക ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്ന് 2011-12 സാമ്പത്തിക വർഷം മുതലുള്ള വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | മൊബൈൽ ടവർ/കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | 2011-12 മുതലുള്ള കുടിശ്ശിക |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ- 3/279/m1 | 15.23 | 55,823 |
| 2 | ബി.എസ്.എൻ.എൽ- 12/25/m5 | 16 | 76,004 |
| 3 | 9/37/m4- ബി.എസ്.എൻ.എൽ | 18.15 | 58,805 |
| 4 | 11/313/m6-റിലയൻസ് കമ്മ്യൂണിക്കേഷൻ | 69.62 | 3,12,471 |
| **ആകെ** | | | **5,03,103** |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ 2011-12 സാമ്പത്തിക വർഷം മുതൽ 2018-19 വരെ 5,03,103/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17) പ്രസ്തുത ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നതിന് വേണ്ട റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരങ്ങൾ സ്വീകരിച്ച് നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-9 പെർമിറ്റ് എടുക്കാതെ നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ ക്രമവൽക്കരണം - ഫീസ് ഇടാക്കുന്നതിൽ കുറവ് സംഭവിച്ചു

കൊഴുവനാൽ ഗ്രാമപഞ്ചായത്ത് കാറ്റഗറി II ൽ ഉൾപ്പെട്ടതിനാൽ 'വാസഗൃഹം' എന്ന ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 3 രൂപയും 'വാണിജ്യം' എന്ന ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 5 രൂപയുമാണ് പെർമിറ്റ് ഫീസായി ഈടാക്കേണ്ടത്. എന്നാൽ താഴെപ്പറയുന്ന കെട്ടിട ഉടമകൾ കെട്ടിട നിർമ്മാണത്തിന് മുമ്പായി യഥാവിധി പെർമിറ്റ് വാങ്ങാതെ കെട്ടിടനിർമ്മാണം പൂർത്തിയാക്കുകയും ക്രമവൽക്കരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ക്രമവൽക്കരണഫീസ് ഈടാക്കിക്കൊണ്ട് കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ്(ആർ.സി.)സെക്രട്ടറിയുടെ 229813/ആർ.സി.2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും(ആകെ 3 ഇരട്ടി) ഈടാക്കുന്നതിന് പകരം ചില രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വിലാസം | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | ക്രമവൽക്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| പ്രകാശ് ജോസ്, പാറക്കുളങ്ങര | 119.12 | വാണിജ്യം | 119.12x15= 1786.8 | 1,192 | 594.8 |
| ടി.ഡി.ചന്ദ്രശേഖരൻ, തറയിൽ | 233.62 | വാണിജ്യം | 233.62x15= 3504.3 | 2,337 | 1,167.3 |
| റോസ്ലി, പരിപ്പിക്കുന്നേൽ | 135.8 | വാസഗൃഹം | 135.8x9 = 1223 | 815 | 407.5 |
| സണ്ണി മാത്യു, പരിപ്പിക്കുന്നേൽ | 128.8 | വാസഗൃഹം | 128.8x9 =1160 | 773 | 386.5 |
| | | | | **ആകെ** | **2,556.3** |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/16.11.19) സങ്കേതം സോഫ്റ്റ്‌വെയറിൽ ഡാറ്റ രേഖപ്പെടുത്തുമ്പോൾ പെർമിറ്റ് ഫീസിന്റെ ഇരട്ടി ഡിമാന്റ് കാണിക്കുന്നതിനാലാണ് ഇതു വരെ രണ്ട് മടങ്ങ് വാങ്ങിയിട്ടുള്ളതെന്ന് മറുപടി നൽകിയിട്ടുണ്ട്. ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട അർഹമായ തുകയിൽ സോഫ്റ്റ്‌വെയർ ന്യൂനത/പരിമിതി മൂലം കുറവുണ്ടാകുന്നത് ബന്ധപ്പെട്ട ഐ.ടി സാങ്കേതിക വിഭാഗവുമായി ചേർന്ന് തുടർനടപടികൾ സ്വീകരിക്കേണ്ടതും, ഓൺലൈൻ സംവിധാനം പ്രാവർത്തികമായതിന് ശേഷമുള്ള ക്രമവത്കരണ നടപടികളിൽ ഈടാക്കിയിട്ടുള്ള ഫീസ് പുന:പരിശോധിക്കേണ്ടതും ഫീസിനത്തിലെ കുറവ് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കി, രേഖകൾ ഉൾപ്പെടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-10 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്തുനോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സെന്റ് ജോർജ്ജ് ഇൻഡസ്ട്രീസ്, കെഴുവൻകുളം | 8 |
| 2 | എം.എസ് ഹൈടെക്, കെഴുവൻകുളം | 8 |
| 3 | കൃപ തയ്യൽ വിഷൻ | 8 |
| 4 | ക്ലീൻ ഗ്രീൻ ബേർഡ്സ്, കൊഴുവനാൽ | 4 |
| 5 | ഹോട്ടൽ പൂർണ്ണിമ, കൊഴുവനാൽ | 4 |
| 6 | തോംസൺ ഇൻഡസ്ട്രീസ്, മേവട | 4 |
| 7 | മോനിപ്പള്ളി കോൺക്രീറ്റ് കാസ്റ്റിംഗ്, മോനിപ്പള്ളി | 8 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ വരുമാനം സംബന്ധിച്ച അർദ്ധവാർഷിക റിട്ടേണുകൾ ലഭ്യമാകുന്നതിനും, തൊഴിൽനികുതിയുടെ പരിധിയിൽ വരുന്ന ജീവനക്കാരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ഗ്രാമ പഞ്ചായത്തിന് സമീപത്തായി സ്ഥിതി ചെയ്യുന്ന അക്ഷയ സെന്ററിലെ ജീവനക്കാർ, പഞ്ചായത്തിലെ മരാമത്ത് പണികളുടെ കോൺട്രാക്ടർമാർ എന്നിവരിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/18.11.19) പ്രസ്തുത തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതും ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-12 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതിയും 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല. റേഷൻ കടകളെ 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 ഇനം 149പ്രകാരവും കള്ളുഷാപ്പുകളെ ഇനം 139 പ്രകാരവും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. തൊഴിൽനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തത് ചട്ടലംഘനമാണെന്ന് മാത്രമല്ല പഞ്ചായത്തിന് വരുമാന നഷ്ടവും ഉണ്ടാകുന്നു. നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതും ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുമാണ്.

### 1-13 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം-3ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ കൊഴുവനാൽ പഞ്ചായത്തിലെ ലൈസൻസ്, തൊഴിൽ നികുതി ലൈസൻസ് രജിസ്റ്ററുകളിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യാതെയും രജിസ്ട്രേഷൻ പുതുക്കാതെയുമാണ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നത്.

1) ആഗാപ്പെ ഡയഗണോസ്റ്റിക് സെന്റർ, കൊഴുവനാൽ
2) നിരപ്പേൽ ഹോമിയോ ക്ലിനിക്ക്, മേവട

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/18.11.19ന് പ്രസ്തുത സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

### 1-14 വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല

സംരംഭകത്വ സ്ഥാപനങ്ങളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 236 സ്ഥാപനങ്ങളാണ് ലൈസൻസ് അപേക്ഷ നൽകിയത്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 556 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 26 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 13 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ ബങ്കുകൾ | 2 |
| വ്യവസായാവശ്യത്തിനുള്ളവ | 82 |
| **ആകെ എണ്ണം** | **679** |

സഞ്ചയ സോഫ്റ്റ്‌വെയറിലെ വിശദാംശം പ്രകാരം, പഞ്ചായത്ത് പരിധിയിൽ 679 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. എന്നാൽ 236 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് മാത്രമെ തൻവർഷം പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. പ്രസ്തുത കണക്കുകളിൽ നിന്നും ധാരാളം വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി പഞ്ചായത്തിലെ എല്ലാ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ഡെയ്ഡ്രേഴ്സ് ലിസ്റ്റ് ആധികാരികമായി തയ്യാറാക്കി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാരികളെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

### 1-15 വാടക പുതുക്കിയ നിരക്കിൽ ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിന്റെ ഷീറ്റിട്ട റൂഫ് ടോപ്പ് 2017-18 സാമ്പത്തിക വർഷം വാടകക്ക് നൽകുന്നതിനായി ലേലം ചെയ്തതിൽ ഉയർന്ന തുകയ്ക്ക് ലേലം വിളിച്ച ശ്രീ.വിഷ്ണു വിനോദ് എന്നയാൾക്ക് (പ്രതിമാസം 1,300 രൂപ) 31.03.18 തീയതി വരെ പ്രസ്തുത കെട്ടിടം വാടകക്ക് നൽകുന്നതിന് തീരുമാനിക്കുകയും ആയത് 21.08.17ലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. കൊഴുവനാൽ ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 16.02.18 തീയതിയിലെ 3/1 നമ്പർ തീരുമാന പ്രകാരം 2018-19 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക 5% ഉയർത്തുന്നതിനും വാടക കരാറുകൾ പുതുക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ആയത് പ്രകാരം ശ്രീ.വിഷ്ണു വിനോദിൽ നിന്ന് 2018-19 സാമ്പത്തിക വർഷം മുറി വാടകയിനത്തിൽ പ്രതിമാസം 1,365 (1300x1.05) രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ വാടക രജിസ്റ്ററും വാടകക്കരാറുകളും പരിശോധിച്ചതിൽ നിന്ന് 2018-19 സാമ്പത്തിക വർഷവും ടിയാൻ പ്രതിമാസം 1,300 രൂപ വീതമാണ് ഒടുക്കുന്നതെന്നും പ്രസ്തുത സാമ്പത്തിക വർഷം ശ്രീ.വിഷ്ണു വിനോദുമായുള്ള വാടക കരാർ പുതുക്കിയിട്ടില്ലയെന്നും കാണുന്നു. അതായത് 2019 ഫെബ്രുവരി മാസം മുറി ഒഴിഞ്ഞ ശ്രീ വിഷ്ണു വിനോദിൽ നിന്ന് 2018-19 സാമ്പത്തിക വർഷം വാടകയിനത്തിൽ 15,015 (1365x11) രൂപ ഈടാക്കേണ്ടതായിരുന്നെങ്കിലും 14,300 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. പ്രസ്തുത സാമ്പത്തിക വർഷം മുറി വാടകയിനത്തിൽ 715 രൂപ (15015-14300) നഷ്ടം ഉണ്ടായി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/18.11.19) 2017-18 സാമ്പത്തിക വർഷാവസാനമാണ് ടിയാൾക്ക് മുറി വാടകക്ക് നൽകിയതെന്നതിനാൽ പ്രസ്തുത മുറിയുടെ വാടക വർദ്ധിപ്പിക്കേണ്ടതില്ലയെന്ന് പ്രസിഡന്റ് കമ്മറ്റിയിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് പുതിയ നിരക്കിലുള്ള വാടക ഈടാക്കാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനപ്രകാരമല്ലാതെ വാടകയിൽ ഇളവ് വരുത്തിയത് ശരിയായ നടപടിയല്ല. പ്രസ്തുത മുറിയുടെ വാടക വർദ്ധിപ്പിക്കേണ്ടതില്ലായെന്ന പഞ്ചായത്ത് കമ്മറ്റി തീരുമാനം ഹാജരാക്കുകയോ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ്.

### 1-16 ഗുണഭോക്തൃ വിഹിതം അതാതു ദിവസം പഞ്ചായത്തിൽ അടക്കുന്നില്ല

കേരള ട്രഷറി കോഡ് ഭാഗം 1 ആർട്ടിക്കിൾ 7(2) പ്രകാരം അതാത് ദിവസത്തെ പിരിവ് തുകകൾ അതാത് ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ട്രഷറി/ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ രസീതുകൾ പരിശോധിച്ചതിൽ വെറ്ററിനറി സർജൻ 5589, 5590 നമ്പർ രസീതു ബുക്കുകൾ പ്രകാരം മുട്ടക്കോഴി വിതരണം എന്ന പ്രോജക്ടിന്റെ ഗുണഭോക്തൃവിഹിതമിനത്തിൽ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കിയ തുക(500 രൂപ വീതം) പഞ്ചായത്തിൽ അടവാക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തുക കൈപ്പറ്റിയ തീയതി | രസീത് ബുക്ക്/രസീത് നമ്പർ | തുക |
|---|---|---|
| 24.01.2019 | 5589 നമ്പർ രസീതു ബുക്കിലെ ഒന്നാം നമ്പർ രസീതു മുതൽ 100 നമ്പർ രസീതു വരെയും 5590 നമ്പർ രസീതു ബുക്കിലെ ഒന്നാം നമ്പർ രസീതു മുതൽ 17 നമ്പർ രസീതു വരെയും | 58,500 (117x500) |
| 25.01.2019 | 5590 നമ്പർ രസീതു ബുക്കിലെ 18 നമ്പർ രസീതു മുതൽ 47 നമ്പർ രസീതു വരെ | 15,000 (30x500) |
| 27.01.2019 | 5590 നമ്പർ രസീതു ബുക്കിലെ 49 നമ്പർ രസീത് | 500 |
| 28.01.2019 | 5590 നമ്പർ രസീതു ബുക്കിലെ 48 നമ്പർ രസീത് | 500 |
| 29.01.2019 | 5590 നമ്പർ രസീതു ബുക്കിലെ 50, 51, 52 നമ്പർ രസീതുകൾ | 1,500 |
| 30.01.2019 | 5590 നമ്പർ രസീതു ബുക്കിലെ 53 നമ്പർ രസീതു മുതൽ 75 നമ്പർ രസീതു വരെ | 11,500 (23x500) |
| **ആകെ** | | **87,500** |

പ്രസ്തുത തുക (87,500 രൂപ) 31.01.2019 തീയതി മാത്രമാണ് (118020102306 നമ്പർ രസീതു പ്രകാരം) പഞ്ചായത്തിൽ അടച്ചിരിക്കുന്നത്. രസീതു ബുക്കുകൾ പ്രകാരമുള്ള പ്രതിദിന വരവുകൾ അതാത് ദിവസം തന്നെ പഞ്ചായത്തിൽ അടക്കണമെന്നിരിക്കെ അപ്രകാരം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/16.11.19) സ്ഥാപനത്തിലെ തിരക്കുമൂലമാണ് അപാകത സംഭവിച്ചതെന്നും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇപ്രകാരം വിവിധ പിരിവ് തുകകൾ കൂടുതൽ ദിവസം കൈവശം വയ്ക്കുന്നത് ക്രമരഹിതമായ നടപടിയാണ്. ആയതിനാൽ ഇത്തരം സാഹചര്യങ്ങൾ കർശനമായും ഒഴിവാക്കുന്നതിന് പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കേണ്ടതും പണം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമാണ്.

### 1-17 നിർമ്മാണ തൊഴിലാളി ക്ഷേമ വിഹിതം - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം 1,89,98,653/- രൂപയുടെ മരാമത്ത് പ്രവൃത്തികളാണ് നിർവഹിച്ചിട്ടുള്ളത്. അതായത്, കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് 2018-19 സാമ്പത്തിക വർഷം 1,89,986 രൂപ ഒടുക്കിയിട്ടുണ്ട്. ആയതിന്റെ കളക്ഷൻ ചാർജ്ജിനത്തിൽ 1,900/- രൂപ തൻവർഷം ലഭിക്കേണ്ടിയിരുന്നു. എന്നാൽ പ്രസ്തുത കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ലെന്നു കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/18.11.19) ഇനി മുതലുള്ള വർക്ക് ബില്ലിൽ നിന്ന് ടി തുക ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-18 ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള

വരുമാനം കൂടിയാണ്. 2018-19 വർഷം ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള 13,944 രൂപ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

| ക്രമ നം. | പ്രോജക്ട് നം.& പ്രോജക്ടിന്റെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് 12% ജി.എസ്.ടി. ഉൾപ്പെടെ | ആകെ ടെൻഡർ ഫീസ് | എസ്റ്റിമേറ്റ് തുക |
|---|---|---|---|---|---|
| 1 | 131/19- അങ്കണവാടി മെയിന്റനൻസ് | 2 | 2,016 | 4,032 | 8,00,000 |
| 2 | 146/19- പൊതു ശൗചാലയം | 2 | 2,940 | 5,880 | 20,00,000 |
| 3 | 147/19- ചെക്ക് ഡാം | 2 | 2,016 | 4,032 | 8,00,000 |
| | **ആകെ** | | | **13,944** | |

### 1-19 പഞ്ചായത്ത് കമ്മറ്റി യോഗങ്ങളിൽ തുടർച്ചയായി പങ്കെടുക്കാത്ത അംഗത്തിന് ഓണറേറിയം നൽകിയത്-തുക തടസ്സപ്പെടുത്തുന്നു

കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡ് (കെഴുവംകുളം) മെമ്പർ ശ്രീ.ജോസ്മോൻ മുണ്ടയ്ക്കൽ തുടർച്ചയായ കാലയളവുകളിൽ പഞ്ചായത്ത് കമ്മറ്റി, അദ്ദേഹം അംഗമായ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി എന്നിവയുടെ യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കാത്തതായി കമ്മറ്റി ഹാജർ ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമായി. പഞ്ചായത്ത് കമ്മറ്റി യോഗങ്ങളുടെ അറിയിപ്പ് നോട്ടീസ് മെമ്പർക്ക് രജിസ്റ്റേഡ് തപാലിൽ നൽകിയതായി ഡെസ്പാച്ച് രജിസ്റ്റർ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. യോഗം/ഹാജർ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പഞ്ചായത്ത് കമ്മറ്റി വിശദാംശങ്ങൾ**

| യോഗം തീയതി | രജിസ്റ്റേഡ് നോട്ടീസ് അയച്ച തീയതി | ഹാജർ വിവരം |
|---|---|---|
| 10.04.2018 | 04.04.2018 | ഹാജരായില്ല |
| 04.05.2018 | 27.04.2018 | ഹാജരായില്ല |
| 05.06.2018 | 30.05.2018 | ഹാജരായി |
| 26.06.2018 | 20.06.2018 | ഹാജരായില്ല |
| 31.07.2018 | 25.07.2018 | ഹാജരായില്ല |
| 31.08.2018 | 24.08.2018 | ഹാജരായില്ല |
| 14.09.2018 | 06.09.2018 | ഹാജരായില്ല |
| 17.09.2018 | 13.09.2018 | ഹാജരായില്ല |

| | | |
|---|---|---|
| 10.10.2018 | 04.10.2018 | ഹാജരായി |
| 05.11.2018 | 27.10.2018 | ഹാജരായില്ല |
| 28.11.2018 | 22.11.2019 | ഹാജരായില്ല |
| 11.12.2018 | 06.12.2018 | ഹാജരായില്ല |
| 24.12.2018 | 18.12.2018 | ഹാജരായി |
| 22.01.2019 | 17.01.2019 | ഹാജരായില്ല |
| 23.02.2019 | 16.02.2019 | ഹാജരായില്ല |
| 25.02.2019 | 16.02.2019 | ഹാജരായില്ല |
| 25.03.2019 | 02.03.2019 | ഹാജരായില്ല |
| 27.03.2019 | 21.03.2019 | ഹാജരായില്ല |
| 17.04.2019 | 10.04.2019 | ഹാജരായില്ല |

**ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി യോഗം/ഹാജർ വിശദാംശങ്ങൾ**

| യോഗം തീയതി | രജിസ്റ്റേഡ് നോട്ടീസ് അയച്ച തീയതി | ഹാജർ വിവരം |
|---|---|---|
| 20.04.2018 | 11.04.2018 | ഹാജരായില്ല |
| 16.05.2018 | 10.05.2018 | ഹാജരായില്ല |
| 30.05.2018 | 16.05.2018 | ഹാജരായില്ല |
| 18.06.2018 | 12.06.2018 | ഹാജരായില്ല |
| 09.07.2018 | 27.06.2018 | ഹാജരായി |
| 30.07.2018 | 20.07.2018 | ഹാജരായില്ല |
| 13.08.2018 | 01.08.2018 | ഹാജരായില്ല |
| 31.08.2018 | 21.08.2018 | ഹാജരായില്ല |
| 13.09.2018 | 06.09.2018 | ഹാജരായില്ല |
| 28.09.2018 | 19.09.2018 | ഹാജരായില്ല |

| | | |
|---|---|---|
| 15.10.2018 | 05.10.2018 | ഹാജരായി |
| 31.10.2018 | 20.10.2018 | ഹാജരായില്ല |
| 14.11.2018 | നൽകിയതിന്റെ രേഖകളില്ല | ഹാജരായില്ല |
| 10.12.2018 | 03.12.2018 | ഹാജരായി |
| 11.01.2019 | 05.01.2019 | ഹാജരായില്ല |
| 13.02.2019 | 4.02.2019 | ഹാജരായി |
| 16.03.2019 | 08.03.2019 | ഹാജരായില്ല |

മേൽ പരാമർശിത കാലയളവിൽ ആകെ 19 കമ്മറ്റി യോഗങ്ങൾ ചേർന്നതിൽ കേവലം 3 തവണയും ആകെ 17 സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളിൽ 4 തവണയും മാത്രമാണ് വാർഡ് അംഗം ഹാജരായത്.
കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 35 കെ പ്രകാരം തുടർച്ചയായി മൂന്ന് മാസക്കാലം പഞ്ചായത്തിന്റെ അനുവാദമില്ലാതെ യോഗങ്ങളിൽ ഹാജരാകാതിരുന്നാൽ അംഗം അയോഗ്യനായിത്തീരുമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇപ്രകാരം ഒരംഗം അയോഗ്യനായിത്തീരുന്ന വസ്തുത ആ അംഗത്തെ രേഖാമൂലം സെക്രട്ടറി അറിയിക്കേണ്ടതും പഞ്ചായത്തിന്റെ അടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്ന് ഇതേ നിയമത്തിലെ സെക്ഷൻ 37(2) അനുശാസിക്കുന്നു. എന്നാൽ ശ്രീ.ജോസ്മോൻ മുണ്ടയ്ക്കൽ തുടർച്ചയായി യോഗങ്ങളിൽ ഹാജരാകാതിരിക്കുകയും തുടർച്ചയായ 3 മാസക്കാലയളവിലെ ഹാജരാകാതിരിക്കൽ ഒഴിവാക്കുന്നതിന് മാത്രമായി ഇടയ്ക്കുള്ള പഞ്ചായത്ത് കമ്മറ്റി/സ്റ്റാൻഡിംഗ് കമ്മറ്റി യോഗങ്ങളിൽ ഹാജരാവുകയും ചെയ്യുന്നതായാണ് രേഖകൾ പരിശോധിച്ചതിൽ വ്യക്തമായത്. ഇപ്രകാരം തുടർച്ചയായി യോഗങ്ങളിൽ ഹാജരാകാതെ പഞ്ചായത്ത് വാർഡ് അംഗം എന്ന ചുമതല ടിയാൻ എപ്രകാരമാണ് ഫലപ്രദമായി നിർവ്വഹിച്ചതെന്ന് വ്യക്തമല്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13.08.2004ലെ ഉത്തരവ് ജി.ഒ.(പി)265/2004 പഞ്ചായത്തിന്റെ അനുവാദമില്ലാതെ യോഗങ്ങളിൽ ഒരംഗം ഹാജരാകാതിരുന്നാൽ ഹോണറേറിയത്തിന് അർഹതയില്ലാത്തതാണെന്ന് അനുശാസിക്കുന്നു. ശ്രീ.ജോസ്മോൻ മുണ്ടയ്ക്കലിന് ഹോണറേറിയം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | തീയതി | തുക |
|---|---|---|
| 21800070 | 02.05.2018 | 7000 ആകെ വൗച്ചർ തുക 56,000/- |
| 21800112 | 01.06.2018 | 7000 ആകെ വൗച്ചർ തുക 56,000/- |
| 21800167 | 02.07.2018 | 7000 ആകെ വൗച്ചർ തുക 56,000/- |
| 21800239 | 01.08.2018 | 7000 ആകെ വൗച്ചർ തുക 56,000/- |
| 21800291 | 30.08.2018 | 7000 ആകെ വൗച്ചർ തുക 56,000/- |
| 21800341 | 01.10.2018 | 7000 ആകെ വൗച്ചർ തുക 56,000/- |
| 21800420 | 01.11.2018 | 7000 ആകെ വൗച്ചർ തുക 56,000/- |
| 21800527 | 01.12.2018 | 7000 ആകെ വൗച്ചർ തുക 56,000/- |

| | | |
|---|---|---|
| 21800577 | 01.01.2019 | 7000 ആകെ വൗച്ചർ തുക 56,000/- |
| 21800790 | 01.03.2019 | 7000 ആകെ വൗച്ചർ തുക 56,000/- |
| 21900009 | 02.04.2019 | 7000 ആകെ വൗച്ചർ തുക 56,000/- |
| 21900128 | 01.05.2019 | 7000 ആകെ വൗച്ചർ തുക 56,000/- |
| **ആകെ** | | **84,000/-** |

കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ നിയമം 35 കെ, ഇതേ നിയമത്തിലെ സെക്ഷൻ 37(2) എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികളൊന്നും സ്വീകരിക്കാത്തതിനും ഹാജരാകാതിരുന്ന അംഗത്തിന് ഹോണറേറിയം നൽകിയത് സംബന്ധിച്ചും വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.21 തീയതി 19.11.2019ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് കമ്മിറ്റിയിലോ സ്റ്റാൻഡിംഗ് കമ്മറ്റിയിലോ പങ്കെടുത്ത മാസങ്ങളായ 5/18, 6/18, 10/18, 12/18, 2/19 മാസങ്ങളിലെ ഹോണറേറിയം മാത്രമാണ് ടിയാന് സാധാരണഗതിയിൽ അനുവദിക്കാവുന്നത്. പ്രസ്തുത കാലയളവിലെ ഒഴികെയുള്ള മാസങ്ങളിലെ ഹോണറേറിയം നൽകിയ സാഹചര്യം വിശദീകരിച്ചിട്ടില്ല. ആയതിനാൽ മേൽ പരാമർശിത മാസങ്ങളിലെ 49,000 രൂപയിൽ തൻവർഷം നൽകിയ 35,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർച്ചയായി കമ്മറ്റി യോഗങ്ങളിൽ ഹാജരാകാതിരുന്ന അംഗത്തിന് ഹോണറേറിയം നൽകിയത് സംബന്ധിച്ച വിശദീകരണം രേഖാമൂലം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-20 പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം രേഖകളുടെ സൂക്ഷിപ്പ് കൃത്യമല്ല. ഇന്ധനം നിറയ്ക്കുന്നതിന് അധിക യാത്രകൾ നടത്തുന്നു

പഞ്ചായത്ത് വാഹനമായ മഹീന്ദ്ര ബൊലീറോ കെ.എൽ.35 ഡി 5000യുടെ ലോഗ് ബുക്ക് സർക്കുലർ അനുശാസിക്കുന്ന രീതിയിൽ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. യാത്ര പോയതിന് ശേഷം യാത്രാ സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്താതെ ലോക്കൽ ട്രിപ്പസ് എന്ന് മാത്രമാണ് രേഖപ്പെടുത്തുന്നത്. യാത്രയ്ക്ക് ശേഷം വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല. ഇന്ധനം നിറയ്ക്കുന്ന അവസരത്തിൽ വാഹനം സഞ്ചരം പൂർത്തിയാക്കിയ ദൂരം, ഇന്ധനം നിറയ്ക്കുന്നത് പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ്, സ്ഥാനപ്പേര് എന്നീ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല. ഉദാഹരണത്തിന് ഇന്റുകൾ, ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ വാഹനം ഇന്ധനം നിറയ്ക്കുന്നത് പഞ്ചായത്ത് ഓഫീസിൽ നിന്നും എട്ട് കിലോമീറ്റർ ദൂരത്ത് പൈകയിലുള്ള കളപ്പുരയ്ക്കൽ മോട്ടോർ സർവ്വീസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് എന്ന് ബോധ്യപ്പെട്ടു. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനം ഇന്ധനം നിറച്ച തീയതികളിൽ ചിലതിൽ വാഹനം പൈകയിലേയ്ക്ക് യാത്ര പോയതായി ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മറ്റ് ചില സാഹചര്യങ്ങളിൽ പാലാ പോലെ പല പെട്രോൾ പമ്പുകളുള്ള സ്ഥലങ്ങളിൽ യാത്രപോയതിന് ശേഷം പൈകയിലുള്ള പമ്പിൽ നിന്നും ജനറേറ്ററിനായി 10 ലിറ്റർ ഡീസൽ വാങ്ങുന്നതിനും വാഹനത്തിന് ഇന്ധനം നിറയ്ക്കുന്നതിനു വേണ്ടി മാസത്തിൽ പല ദിവസങ്ങളിലും യാത്ര പോകുന്നതായി ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇന്ധനം നിറയ്ക്കുന്ന അവസരങ്ങളിലൊന്നും സൂപ്പർവൈസിങ്ങ് ഉദ്യോഗസ്ഥർ കൃത്യത ഉറപ്പ് വരുത്തി ഒപ്പ് രേഖപ്പെടുത്തുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | യാത്ര ആരംഭിച്ച് സ്ഥലം | കിലോമീറ്റർ റീഡിങ്ങ് | യാത്രോദ്ദേശ്യം | ആരംഭ സമയം | തിരികെ എത്തിയ സമയം | കിലോമീറ്റർ | സഞ്ചരിച്ച ദൂരം |
|---|---|---|---|---|---|---|---|
| 18.07.2018 | കൊഴുവനാൽ | 114161 | പാലാ ട്രഷറിയിൽ ബിൽ നൽകുന്നതിനും പിന്നീട് | 11 എ.എം | 1പി.എം | 114210 | 49 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പൈകയിൽ നിന്നും 10 ലിറ്റർ ഡീസൽ ജനറേറ്ററിനായി വാങ്ങുന്നതിനുമായി പോയ യാത്ര | | | | |
| 20.07.2018 | കൊഴുവനാൽ | 114230 | പാലാ ട്രഷറിയിൽ ബിൽ ബുക്ക് വാങ്ങുന്നതിന് | 11എ.എം | 12.30പി.എം | 114252 | 22 |
| 20.07.2018 | കൊഴുവനാൽ | 114252 | പൈകയിൽ ഡീസൽ വാങ്ങുന്നതിന് | 1 പി.എം | 2പി.എം | 114289 | 22 |
| 20.07.2018 | കൊഴുവനാൽ | 114289 | പാലാ പ്രസിൽ നോട്ടീസ് വാങ്ങുന്നതിന് | 2 പി.എം | 3.30പി.എം | 114289 | 22 |

കൂടാതെ വാഹന അറ്റകുറ്റപ്പണിയുടെ വിശദാംശങ്ങളൊന്നും ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് വാഹനമായ മഹീന്ദ്ര ബൊലീറൊ കെ.എൽ.35 ഡി 5000യുടെ ലോഗ് ബുക്ക് സർക്കുലർ അനുശാസിക്കുന്ന രീതിയിൽ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും, പാലാ പോലെ പല പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ യാത്ര പോയതിന് ശേഷവും പൈകയിലുള്ള പമ്പിൽ നിന്നും ജനറേറ്ററിനായി 10 ലിറ്റർ ഡീസൽ വാങ്ങുന്നതിനും വാഹനത്തിന് ഇന്ധനം നിറയ്ക്കുന്നതിന് വേണ്ടിയും മാസത്തിൽ പല ദിവസങ്ങളിലും അനാവശ്യ യാത്ര പോകുന്നതുപോലുള്ള അധികചെലവുകൾ ഒഴിവാക്കേണ്ടതാണ്.

### 1-21 സർക്കാർ ഉത്തരവിനനുസരിച്ച് സമയബന്ധിതമായി തുക ഒടുക്കിയില്ല- റവന്യൂ റിക്കവറി

ഗാന്ധി നഗറിൽ വെയിസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് വിഹിതം ഇനത്തിൽ 12,000 രൂപ നൽകണമെന്ന് 25.02.05 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.)688/05 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയത് ഒടുക്കാത്തതിനാൽ 12,000 രൂപയും 21.04.08 മുതൽ 12% പലിശയും ആകെ തുകയുടെ 5% കളക്ഷൻ ചാർജ്ജും നോട്ടീസ് പടി 150 രൂപയും അടക്കേണ്ടതാണെന്ന് 09.07.08 ലെ ബി10-2008/28210/5 നമ്പർ കത്ത് പ്രകാരം പാലാ തഹസിൽദാർ (ആർ.ആർ) അറിയിച്ചിട്ടുണ്ട്. ആയതിന് തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ 67144423833 (ഫ്ലഡ് റിലീഫ്) അക്കൗണ്ടിൽ നിന്ന് 24.05.19 തീയതി 29,530 രൂപ (1568+27962) റവന്യൂ റിക്കവറി നടത്തി. സർക്കാർ ഉത്തരവിനനുസരിച്ച് സമയബന്ധിതമായി തുക ഒടുക്കിയിരുന്നുവെങ്കിൽ പിഴ പലിശ, കളക്ഷൻ ചാർജ്ജ്, നോട്ടീസ് ചാർജ്ജിനങ്ങളിൽ 17,530 രൂപ അധികമായി ഒടുക്കേണ്ടി വന്ന സാഹചര്യം ഒഴിവാക്കാമായിരുന്നു. സർക്കാർ ഉത്തരവ് പാലിക്കാതെ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗ്രാമപഞ്ചായത്തിന്റെ മോശം സാമ്പത്തിക സ്ഥിതി മൂലമാണ് ഫണ്ട് യഥാസമയം ഒടുക്കാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിവരം സർക്കാരിനെ അറിയിച്ചതായോ തുക ഒടുക്കുന്നതിന് സാവകാശം തേടിയതായോ കാണുന്നില്ല. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-22 മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രോജക്ടുകൾ പ്രകാരം 1,60,000 രൂപ മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ മുഴുവൻ തുകക്കുള്ള മരുന്നുകളും നിലവിൽ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട് | കെ.എം.എസ്.സി. | ബിൽ/ചെക്കിന്റെ | ലഭിച്ച | ലഭിക്കാൻ |
|---|---|---|---|---|---|

| നമ്പർ | | ക്ക് നൽകിയ തുക (രൂപ) | വിശദാംശങ്ങൾ | മരുന്നുകളുടെ വില (രൂപ) | അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|
| 1 | 56/18-19-പാലിയേറ്റീവ് കെയർ | 80,000 | ചെക്ക് നം.4853091 തീയതി 11.01.19 തുക 99,070 രൂപ (ബ്ലോക്ക് ഷെയർ) | 71,579 | 8,421 |
| 2 | 57/18-19-പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ | 80,000 | ബില്ല് നമ്പർ 11/18-19 തീയതി 07.01.19 തുക 80,000 രൂപ | 58,938 | 21,062 |
| ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ | | | | | 28,583 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23 പദ്ധതി നിർവഹണം - നടപടിക്രമങ്ങളിൽ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി നിർവ്വഹണം (പ്രോജക്ട് നമ്പർ- 4/19) എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 1,26,657 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ബിൽ നമ്പർ 17/18-19 തീയതി 14.08.18 പ്രകാരം 32,341/- രൂപ പിൻവലിച്ചിട്ടുണ്ട്. ഇതിൽ 26,880/- രൂപ ആദിത്യ ഓഫ് സെറ്റ് പ്രസ്സ് പാലാ എന്ന സ്ഥാപനത്തിന് (ബിൽ നമ്പർ 121/01.08.18) പ്രിന്റിംഗ് ചാർജ് ഇനത്തിൽ നൽകിയിട്ടുണ്ട്. പ്രസ്തുത ബില്ലിൽ ഒന്നാമത്തെ ഇനമായി കാണിച്ചിട്ടുള്ളത് വ്യക്തിഗത ഗുണഭോക്തൃലിസ്റ്റ് അച്ചടിച്ചതിനുള്ള 1,680/- രൂപയാണ്. ഇത് 2017-18 സാമ്പത്തിക വർഷത്തെ വ്യക്തിഗത ഗുണഭോക്തൃലിസ്റ്റ് അച്ചടിച്ചതിനുള്ള തുകയാണ്. ഇത് ക്രമപ്രകാരമല്ല. ഒരു സാമ്പത്തിക വർഷത്തെ പദ്ധതി ചെലവിനായുള്ള വികസനഫണ്ടിന്റെ അലോട്ട്മെന്റ് തുകയുടെ 1% വകയിരുത്തി ചെലവഴിക്കുന്നത് ആ സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണ ചെലവുകൾ നിർവഹിക്കുന്നതിനാണ്. 2017-18 സാമ്പത്തിക വർഷത്തെ വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് അച്ചടിക്കുന്നതിനുള്ള ചെലവ് ആ വർഷത്തെ പ്രോജക്ടിൽ നിന്നാണ് ചെലവഴിക്കേണ്ടിയിരുന്നത്. 2018-19ലെ പ്രോജക്ട് 4/19 പ്രകാരം 2018-19 വർഷത്തേക്കുള്ള വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് അച്ചടിച്ചതിനുള്ള ചെലവ് നടത്തിയിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/15.11.19ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസിൽ നിന്ന് ബിൽ ഹാജരാക്കുവാൻ താമസിച്ചതിനാലാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് സമയബന്ധിതമായി അച്ചടിച്ച് നിർവഹണ ഉദ്യോഗസ്ഥർക്ക് സമയബന്ധിതമായി വിതരണം ചെയ്യാത്തതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആളുകൾക്കും ധനസഹായം വിതരണം ചെയ്യുന്നതായും കാണുന്നു. 2017-18 സാമ്പത്തിക വർഷത്തെ വ്യക്തിഗത ഗുണഭോക്തൃലിസ്റ്റ് അച്ചടിച്ചതിനുള്ള തുക 2018-19 വർഷത്തെ പദ്ധതി ചെലവിൽ നിന്ന് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ ചെലവഴിച്ച 1,680/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 1-24 എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്താതെ തുക നൽകി

സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസ് നെറ്റ്‌വർക്ക് മെയിന്റനൻസ് (പ്രോജക്ട് നമ്പർ 127/19) എന്ന പ്രോജക്ടിന് സാങ്കേതിക അനുമതിയും, ഭരണ അനുമതിയും ലഭിച്ചിട്ടുള്ളത് 50,000/- രൂപയ്ക്കാണ്. ഇതനുസരിച്ച് സെക്രട്ടറി 09.08.18 ൽ എ1-2177/18 നമ്പർ ഉത്തരവ് പ്രകാരം ടെൻഡർ ക്ഷണിച്ചപ്പോഴും അടങ്കൽ 50,000/- രൂപ എന്നാണ് കാണിച്ചിട്ടുള്ളത്. ലഭ്യമായ ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് ക്വോട്ട് (8.6% ടെൻഡർ ബിലോ) ചെയ്ത ശ്രീ.സനൽകുമാർ സി.റ്റി. എന്നയാൾക്ക് 15.10.18ൽ എ1-2177/18 പ്രകാരം വർക്ക് ഓർഡർ നൽകി. പ്രവൃത്തി പൂർത്തിയാക്കി 30.01.19 ൽ എം ബുക്കിൽ (നമ്പർ 94/18-19) അളവുകൾ രേഖപ്പെടുത്തി ആയതിന്റെ ബിൽ നമ്പർ 47/02.03.19 പ്രകാരം 49,517 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എം ബുക്ക് പരിശോധിച്ചതിൽ എം ബുക്ക് പേജ് നമ്പർ 30 ൽ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് രേഖപ്പെടുത്തിയതിൽ ആകെ ചെയ്ത പ്രവൃത്തികളുടെ മൂല്യം ആയ 52,072 രൂപ എന്ന് രേഖപ്പെടുത്തുകയും അതിൽ നിന്ന് ടെൻഡർ ബിലോ 8.6% കുറവ് ചെയ്ത് ആയതിന്റെ അടിസ്ഥാനത്തിൽ

കരാറുകാരന് തുക അനുവദിക്കുകയും ചെയ്തു. എസ്റ്റിമേറ്റ് തുകയായ 50,000/- രൂപയിൽ പരിമിതപ്പെടുത്തി ആയതിൽനിന്ന് ടെൻഡർ ബിലോ കുറവ് ചെയ്ത് ബിൽ തയ്യാറാക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/15.11.19 ന് ലഭ്യമാക്കിയ മറുപടിയിൽ വാല്യൂവേഷൻ തുക 52,000/- രൂപ ആയിട്ടുണ്ടെങ്കിലും ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം നൽകേണ്ട തുക ഭരണാനുമതി തുകയിൽ അധികരിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് എസ്റ്റിമേറ്റ് തുകയിൽ ലിമിറ്റ് ചെയ്യാതിരുന്നത് എന്നാണ്. പ്രസ്തുത വിശദീകരണം അംഗീകരിക്കാവുന്നതല്ല.

**കരാറുകാരന് നൽകാവുന്ന തുക**

| | |
|---|---|
| Total Value of work done | 52,072 |
| Limited to Estimate/T.S. amount | 50,000 |
| (-)Estimate preparation and supervision | 1,442 |
| (-)Honourarium of check measurement | 481 |
| (-)8.6%-Tender below | 48,077<br>4,135<br>43,942 |
| (-)IT (1%) | 439 |
| (-)KCWWF(1%) | 439 |
| കരാറുകാരനുള്ള തുക | 43,064 |
| (+)(കരാറുകാരൻ നൽകിയതിനാൽ)Estimate preparation and supervision | 1,442 |
| (+)Honourarium of check measurement | 481 |
| | 44,987 |
| കരാറുകാരന് നൽകിയ തുക | 49,517 |
| കരാറുകാരന് അധികം നൽകിയ തുക | 4,530(49517-44987) |

കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 1-25 സെക്രട്ടറി നിർവ്വഹണം നടത്തിയ വൈദ്യുതീകരണ പ്രോജക്റ്റുകൾ- നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ ചില പ്രോജക്റ്റുകൾ നടപ്പാക്കിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന് കാണുന്നു. പ്രോജക്റ്റ് നിർവഹണത്തിനായി വർക്ക് ഓർഡർ നൽകിയതിന് ശേഷം നിശ്ചിത സമയപരിധിക്കുള്ളിൽ കോൺട്രാക്ടർ പഞ്ചായത്തുമായി നിയമാനുസൃത കരാറിൽ ഏർപ്പെടുകയും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. എന്നാൽ സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്റ്റുകളിൽ ആയത് പാലിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ/പേര് | ചെലവ് തുക/ബിൽ നമ്പർ തീയതി | കോൺട്രാക്ടറുടെ പേര് | വർക്ക് ഓർഡർ നൽകിയ തീയതി | വർക്ക് ഓർഡർ പ്രകാരം കരാർ ചമയ്ക്കേണ്ട | എഗ്രിമെന്റ് നമ്പർ തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | തീയതി | | |
| 16/19 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഇലക്ട്രിഫി ക്കേഷൻ മെയിന്റനൻസ് | 56,865/- 45/18-19/ 02.03.19- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | സനൽകുമാർ സി.റ്റി. | എ1-2177/16- തീയതി 15.10.2018 | വർക്ക് ഓർഡർ കൈപ്പറ്റി 7 ദിവസത്തിനകം | നമ്പരും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. മുദ്രപേപ്പർ 18.01.2019ൽ വാങ്ങിയത് | നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാത്ത സംഗതികളിൽ പി.എ.സി-യുടെ 1% പിഴ ഈടാക്കി വേണം കരാറിൽ ഏർപ്പെടുവാൻ. ആയത് ഈടാക്കി യതായി കാണുന്നില്ല. |
| 17/19 കൃഷിഭവൻ ഇലക്ട്രിഫി ക്കേഷൻ മെയിന്റനൻസ് | 36,056/- 46/07.03.19- റോഡിതരം | സനൽകുമാർ സി.റ്റി. | എ1-2177/16- തീയതി 15.10.2018 | വർക്ക് ഓർഡർ കൈപ്പറ്റി 7 ദിവസത്തിനകം | നമ്പരും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. മുദ്രപേപ്പർ 18.01.2019ൽ വാങ്ങിയത് | നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാത്ത സംഗതികളിൽ പി.എ.സി-യുടെ 1% പിഴ ഈടാക്കി വേണം കരാറിൽ ഏർപ്പെടുവാൻ. ആയത് ഈടാക്കി യതായി കാണുന്നില്ല. |
| 127/19 പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്ക് മെയിന്റനൻസ് | 49,517/- 47/02.03.19/ വികസനഫണ്ട് | സനൽകുമാർ സി.റ്റി. | എ1-2177/16- തീയതി 15.10.2018 | വർക്ക് ഓർഡർ കൈപ്പറ്റി 7 ദിവസത്തിനകം | നമ്പരും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. മുദ്രപേപ്പർ 18.01.2019ൽ വാങ്ങിയത് | നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാത്ത സംഗതികളിൽ പി.എ.സി-യുടെ 1% പിഴ ഈടാക്കി വേണം കരാറിൽ ഏർപ്പെടുവാൻ. ആയത് ഈടാക്കി യതായി കാണുന്നില്ല. |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/16.11.19 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരൻ നിശ്ചിതസമയത്ത് എത്താതിരുന്നതിനാലാണ് വർക്ക് ഓർഡർ നൽകി 7 ദിവസത്തിനകം എഗ്രിമെന്റ് വെയ്ക്കാൻ സാധിക്കാതിരുന്നത് എന്നാണ് അറിയിച്ചത്. സൈറ്റിൽ പ്രവൃത്തി ആരംഭിക്കാനുള്ള സാഹചര്യം കരാറുകാരന് ഉണ്ടായപ്പോൾ മാത്രമാണ് ടിയാൻ എഗ്രിമെന്റ് വെയ്ക്കാൻ എത്തിയത് എന്നും അറിയിച്ചിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. വർക്ക് ഓർഡർ നൽകി 7 ദിവസത്തിനകം എഗ്രിമെന്റ് വെയ്ക്കാൻ കരാറുകാരൻ എത്താത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രസ്താവിച്ച 3 കരാറുകളിലെയും പി.എ.സി.യുടെ 1% പിഴ കരാറുകാരനിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-26 സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

<u>പ്രോജക്ട് വിശകലനം</u>

| പ്രോജക്ട് നമ്പർ/പേര്/നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക/ബിൽ നമ്പർ തുക | ഫണ്ടിനം |
|---|---|---|
| 63/19/ സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ, സെക്രട്ടറി | 4,79,952/-<br>ബിൽ നം.39/01.03.19 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

പ്രോജക്ട് പ്രകാരം സാങ്കേതികാനുമതി (നമ്പർ2/14.05.18) ലഭിച്ചത് 15 സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനായിരുന്നു. 09.08.2018 ൽ എ1-2177/16 നമ്പർ ടെൻഡർ പരസ്യത്തിൽ 16 എണ്ണം സ്ഥാപിക്കുന്നതിനാണ് ടെൻഡർ ക്ഷണിച്ചത്. 15.11.18ൽ എ1-2177/16 പ്രകാരം സപ്ലൈ ഓർഡർ നൽകിയത് 22 എണ്ണം സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിനാണ്. പ്രോജക്ടിന് അംഗീകാരം ലഭിച്ചതിനേക്കാൾ (15) കൂടുതൽ എണ്ണം സോളാർ തെരുവ് വിളക്ക് സ്ഥാപിക്കാൻ തീരുമാനിക്കുമ്പോൾ പ്രോജക്ട് റിവൈസ് ചെയ്യേണ്ടിയിരുന്നു എങ്കിലും അപ്രകാരം ചെയ്തിട്ടില്ല. പ്രോജക്ട് നിർവ്വഹണം നടത്തിയ ഒമീലക്സ് സർവീസസ് കോട്ടയം എന്ന സ്ഥാപനം തെരുവുവിളക്ക് സ്ഥാപിച്ച് 31.01.19ൽ ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ബിൽ പ്രകാരമുള്ള തുക 11.03.19ൽ അനുവദിച്ചു. ആവശ്യകത നിർണ്ണയിക്കാതെ പ്രോജക്ട് തയ്യാറാക്കുകയും വകയിരുത്തിയ ഫണ്ട് പൂർണ്ണമായും ചെലവഴിക്കുന്നതിനുവേണ്ടി വാങ്ങൽ നടത്തുന്നതും ക്രമപ്രകാരമല്ല. സ്ഥാപിച്ച 22 സോളാർ തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സ്ഥാപനം ഹാജരാക്കിയിട്ടുള്ള വാറണ്ടി സർട്ടിഫിക്കറ്റിൽ 3 വർഷത്തെ ഓൺ സൈറ്റ് വാറണ്ടിയും, 5 വർഷത്തെ ബാറ്ററി വാറണ്ടിയും, 10 വർഷത്തെ സോളാർ പാനൽ വാറണ്ടിയും ഉറപ്പ് നൽകുകയും, ഈ വാറണ്ടി കാലയളവിൽ റിപ്പയർ ചെയ്ത് നൽകുകയോ, റീപ്ളെയ്സ് ചെയ്ത് നൽകുകയോ ചെയ്യുന്നതാണ് എന്നും കമ്പനി ഉറപ്പ് നൽകിയിട്ടുണ്ട്. 19.11.2019ൽ നടത്തിയ പരിശോധനയിൽ ഗവൺമെന്റ് ആയുർവേദ ആശുപത്രി കോമ്പൗണ്ടിൽ സ്ഥാപിച്ച സോളാർ തെരുവ് വിളക്ക് മാസങ്ങളായി പ്രവർത്തനരഹിതമാണ് എന്ന് കണ്ടു. മെഡിക്കൽ ഓഫീസർ രേഖാമൂലം അറിയിച്ചിട്ടും നാളിതുവരെ സോളാർ തെരുവ് വിളക്ക് റിപ്പയർ ചെയ്ത് കിട്ടിയിട്ടില്ല. കരാർപ്രകാരവും കമ്പനിയുടെ വാറണ്ടി ഉണ്ടായിട്ടും മാസങ്ങളായി തെരുവ് വിളക്കിന്റെ കേടുപാടുകൾ തീർത്ത് നൽകാത്തത് ക്രമപ്രകാരമല്ല. കരാർ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതേ പ്രോജക്ടുകൾ തുടർ വർഷങ്ങളിലും നടത്താൻ സാദ്ധ്യത ഉള്ളതിനാലും, 10 വർഷം വരെ വാറണ്ടി ഉള്ളതിനാലും എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കേടായ ഒരു തെരുവ് വിളക്കിന്റെ വില 21,816 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മറ്റുള്ളവ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും അല്ലാത്തപക്ഷം സ്ഥാപനവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 വിവാഹധനസഹായം (എസ്.സി) അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആൾക്ക് നൽകി

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നമ്പർ 164/19 വിവാഹധനസഹായം (എസ്.സി) എന്ന പ്രോജക്ട് പ്രകാരം ശ്രീ.ഷാജിമോൻ ഡി. അറയ്ക്കൽ എന്നയാൾക്ക് എസ്.സി.പി. ഫണ്ടിൽ നിന്നും 75,000/- രൂപ ബിൽ നമ്പർ 25/20.12.18 പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. ഗുണഭോക്താവ് ഉൾപ്പെട്ട വാർഡ് 11 ലെ ഗ്രാമസഭാ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ ടിയാൾ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാ എന്ന് കാണുന്നു. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, ടിയാൾക്ക് ആനുകൂല്യം നൽകിയത് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/14.11.19ന് ലഭ്യമാക്കിയ മറുപടിയിൽ വരുന്ന ഗ്രാമസഭയിൽ അവതരിപ്പിച്ച് അനുമതി നേടുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ആൾക്ക് ആനുകൂല്യം നൽകിയാൽ തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടിയിരുന്നു. മാത്രമല്ല ടിയാൾക്ക് ആനുകൂല്യം നൽകുന്നതിന് പഞ്ചായത്ത്കമ്മറ്റി തീരുമാനം എടുത്തിട്ടുള്ളതായി ഫയലിൽ കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് കമ്മറ്റി പരിശോധിക്കേണ്ടതും ടി വിഷയം ബന്ധപ്പെട്ട ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്.

## 1-28 കിണർ റീചാർജിംഗ് പ്രോജക്ട് സംബന്ധിച്ച്

വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടാണ് കിണർ റീചാർജിംഗ്(നമ്പർ 41/19). പ്രോജക്ടിനായി വിവിധ ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും 264,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6-5 പ്രകാരം കിണർ റീചാർജിംഗ് പ്രോജക്ടിന് ജനറൽ വിഭാഗത്തിന് സബ്ഡിഡി നൽകുന്നതിനുള്ള വാർഷിക വരുമാനപരിധി 2,00,000/- രൂപയാണ്. പ്രോജക്ട് പ്രകാരം തൊമ്മൻ മത്തായി, മുതുപ്ലാക്കൽ എന്ന ഗുണഭോക്താവിന് സബ്സിഡി ഇനത്തിൽ 6,000/- രൂപ നൽകിയിട്ടുണ്ട്(ബിൽ നമ്പർ 46/18.3.19/80,000/-രൂപ). ഫയൽ പരിശോധിച്ചതിൽ ടിയാളുടെ റേഷൻ കാർഡിൽ സർക്കാർ ജീവനക്കാരൻ ഉൾപ്പെട്ടിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/14.11.19ന് ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ജോലിയുള്ള ടിയാളുടെ മകൻ വീട്ടിൽ നിന്നും മാറി താമസിക്കുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത വിവരം അപേക്ഷകനിൽ നിന്നും രേഖാമൂലം വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ് എങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഫീൽഡ് തല പരിശോധന നടത്തിയതായി ഫയലിൽ രേഖകൾ സൂക്ഷിച്ചിട്ടുമില്ല. റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ജീവനക്കാരൻ കുടുംബ വീട്ടിൽ നിന്നും മാറി താമസിക്കുന്ന സാഹചര്യത്തിൽ ടിയാളെ റേഷൻ കാർഡിൽ നിന്നും കുറവ് ചെയ്യുന്നതിന് കാർഡ് ഉടമയ്ക്ക് അവകാശമുണ്ട്. ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-29 വീട് വാസയോഗ്യമാക്കൽ (എസ്.സി.പി.)പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

വി.ഇ.ഒ. നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) എന്ന പ്രോജക്ട് പ്രകാരം എസ്.സി.പി.ഫണ്ടിൽ നിന്നും 6,75,000/- രൂപ ചെലവഴിച്ച് 9 ഗുണഭോക്താക്കൾക്ക് 75,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം കുട്ടപ്പൻ റ്റി.പി., തണ്ണീറാമറ്റം എന്ന ഗുണഭോക്താവിന് ബിൽ നമ്പർ 39/18-19/20.02.19 പ്രകാരം 75,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ 21.01.2019ലെ എ6-166/19 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം കുട്ടപ്പൻ റ്റി.പി., തണ്ണീറാമറ്റം എന്ന ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള വാർഡ് X/177 നമ്പർ വീടിന്റെ കാലപ്പഴക്കം 6 വർഷം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)22/2018 ത.സ്വ.ഭ.വ 14.02.2018 ഖണ്ഡിക 6-7-6 പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ. മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ധനസഹായം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/16.11.19 ന് ലഭ്യമാക്കിയ മറുപടിയിൽ സെക്രട്ടറി നൽകിയ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിൽ വീടിന്റെ കാലപ്പഴക്കം തെറ്റായാണ് 6 വർഷം എന്ന് രേഖപ്പെടുത്തിയിരുന്നത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ നടത്തിയ അന്വേഷണത്തിൽ ടി ഗുണഭോക്താവിന്റെ വീടിന് 10 വർഷം പഴക്കം ഉണ്ട് എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയത് എന്നും അറിയിച്ചു. ഇത് ക്രമപ്രകാരമുള്ളതല്ല. 2013-14 വർഷത്തെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ കുട്ടപ്പൻ റ്റി.പി., തണ്ണീറാമറ്റം എന്ന ഗുണഭോക്താവിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് വാർഡ് X/177 നമ്പർ നൽകി വീടിന്റെ കാലപ്പഴക്കം 1 വർഷം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് 15.09.19 ൽ സഞ്ചയ സോഫ്റ്റ്വെയറിൽ പ്യൂരിഫിക്കേഷൻ നടത്തിയപ്പോൾ കെട്ടിടത്തിന്റെ കാലപ്പഴക്കം 10 വർഷം എന്ന് തിരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഫീൽഡ് തല പരിശോധന നടത്തിയതിന്റെയോ, ഉടമസ്ഥന്റെ സത്യപ്രസ്താവനയോ, ഹാജരാക്കിയ രേഖകളുടെ വിവരമോ, സാങ്കേതിക വിഭാഗം പരിശോധന നടത്തിയതിന്റെ വിശദാംശങ്ങളോ ഒന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. സെക്രട്ടറി നൽകിയ സർട്ടിഫിക്കറ്റ് നിലവിലെ രേഖകളുടെ അടിസ്ഥാനത്തിൽ (2013-14 വർഷത്തെ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ) ഉള്ളതായിരുന്നു. ആയതിൽ പിശക് ഉള്ളതായി കെട്ടിട ഉടമയ്ക്ക് ബോദ്ധ്യം ഉള്ളപക്ഷം ടിയാൾ സെക്രട്ടറിക്ക് അപേക്ഷ നൽകി സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തുകയാണ് ചെയ്യേണ്ടിയിരുന്നത്. അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. സെക്രട്ടറി രേഖകൾ പരിശോധിച്ച് നൽകിയ സർട്ടിഫിക്കറ്റ് പ്രകാരം നിശ്ചിത യോഗ്യത ഇല്ലാത്ത ഗുണഭോക്താവിന് നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർ അന്വേഷണം നടത്തി ധനസഹായം നൽകുന്ന രീതി ക്രമപ്രകാരമുള്ളതല്ല. അപാകത ഭരണ സമിതി പരിശോധിക്കേണ്ടതും ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-30 പട്ടികജാതി മെരിട്ടോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് (നം.54/19) പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്നും 1,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സ്കോളർഷിപ്പ് നൽകിയ ഏതാനും വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നും ഹാജരാക്കിയ സർട്ടിഫിക്കറ്റ് പ്രകാരം സ്കോളർഷിപ്പിന് അർഹതയില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിലെ വിവരം | നൽകിയ സബ്സിഡി | ബിൽ നമ്പർ തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | അതുല്യ എ.എസ്., എള്ളുംപ്ലാക്കൽ | 6 മാസത്തെ കമ്പ്യൂട്ടർ കോഴ്സ് | NIT Computers private ITI യിൽ നിന്നുള്ള 6മാസത്തെ കമ്പ്യൂട്ടർ കോഴ്സിന് പഠിക്കുന്നു എന്ന സർട്ടിഫിക്കറ്റ് | 15000/- | 6/19.01.19 | സംസ്ഥാന സർക്കാരോ, കേന്ദ്രസർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ കോഴ്സുകളിലേക്ക് യോഗ്യത നേടി പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കാണ് നൽകേണ്ടത്. മാത്രമല്ല 6 മാസത്തെ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിക്ക് ഒരു വർഷത്തെ നിരക്കിൽ ആനുകൂല്യം നൽകിയിട്ടുമുണ്ട്. |
| | അഖില രാജു, പന്നിക്കുഴിയിൽ | ഫസ്റ്റ് എയ്ഡ് ആന്റ് പ്രാക്ടിക്കൽ നഴ്സിംഗ് ഡിപ്ലോമ | ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് എരുമേലി എന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് | 15,000/- | 10/28.03.19 | സംസ്ഥാന സർക്കാരോ, കേന്ദ്രസർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ കോഴ്സുകളിലേക്ക് യോഗ്യത നേടി പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കാണ് നൽകേണ്ടത്. സ്ഥാപനത്തിന് ഇപ്രകാരമുള്ള അംഗീകാരങ്ങൾ ഉള്ളതാണോ എന്ന് വ്യക്തമല്ല. കോഴ്സ് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതായ രേഖകൾ ഹാജരാക്കിയിട്ടില്ല. |

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 3/14.11.19 ന് ലഭ്യമാക്കിയ മറുപടിയിൽ കുമാരി അതുല്യ എ.എസ്., പഠിച്ച NICT കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന് ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ അംഗീകാരം ഉണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ സർട്ടിഫിക്കറ്റിൽ അംഗീകാര പട്ടികയിൽ ചേർത്തിട്ടുള്ള കോഴ്സുകളിൽ ഡിപ്ലോമാ ഇൻ പ്രൊഫഷണൽ അക്കൗണ്ടിംഗ് എന്ന കോഴ്സ് ഉൾപ്പെട്ടിട്ടില്ല. കുമാരി അഖില രാജു, പന്നിക്കുഴിയിൽ പഠിച്ച സ്ഥാപനത്തിന് ഭാരത് സേവക് സമാജത്തിന്റെ അംഗീകാരം ഉണ്ട് എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ഹാജരാക്കിയ സർട്ടിഫിക്കറ്റിൽ ഫസ്റ്റ് എയ്ഡ് ആന്റ് പ്രാക്ടിക്കൽ നഴ്സിംഗ് ഡിപ്ലോമ എന്ന കോഴ്സ് നടത്തുന്നതിന് അംഗീകാരം ഉണ്ട് എന്ന് വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല വിദ്യാർത്ഥി പരീക്ഷയ്ക്ക് എൻറോൾ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കുമാരി അതുല്യ എ.എസ്., കുമാരി അഖില രാജു, എന്നീ രണ്ട് വിദ്യാർത്ഥികൾക്കായി ചെലവഴിച്ച 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചറുകൾ- പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പ്രോജക്ട് നമ്പർ 23/19/പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചറുകൾ- എന്ന പ്രോജക്ട് പ്രകാരം എസ്.സി.പി. ഫണ്ടിൽ നിന്നും ബിൽ നം.11/18-19/28.03.19 ൽ 87,300/- രൂപ പിൻവലിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) നിർവ്വഹണ ഉദ്യോഗസ്ഥ 04.02.19 ൽ എച്ച്.എം.1/19 നമ്പർ കത്ത് പ്രകാരം നൽകിയ സപ്ലൈ ഓർഡർ പ്രകാരം 17 മേശയും, 17 കസേരകളും വിതരണം ചെയ്യുവാനാണ് ആവശ്യപ്പെട്ടത്. ഇത് പ്രകാരം ആകെ ചെലവ് 82,450/- രൂപയാണ്. എന്നാൽ ഫർണിച്ചർ വിതരണം ചെയ്ത ജോജിൻ ഇൻഡസ്ട്രീസ് നൽകിയ ബിൽ നമ്പർ ബി.എ.349/ 16.03.19 പ്രകാരം 18 മേശയും കസേരയും വിതരണം ചെയ്തിട്ടുള്ളതും ആയതിന്റെ വിലയായ 87,300 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകിയതിനുശേഷം ഫർണിച്ചറിന്റെ എണ്ണം വർദ്ധിപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) ഫർണിച്ചറുകൾ നൽകിയിട്ടുള്ള ഏതാനും വിദ്യാർത്ഥികൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

എ) പാർവതി സുനിൽ, വലിയപറമ്പിൽ, വാർഡ്- X11

ബി) കാർത്തിക തങ്കച്ചൻ, കിഴതറ, വാർഡ്- V111

സി) രാഹുൽ രാജീവ്, കുളമാക്കൽ, വാർഡ്- V111

ഡി) ദേവിക ഗോപീദാസ്, പുത്തൻപുരക്കൽ, വാർഡ് -1V

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/14.11.19ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് പ്രകാരം വകയിരുത്തിയ തുക പാഴായിപ്പോകാതിരിക്കുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തതിലും കൂടുതൽ വാങ്ങൽ നടത്തിയത് എന്നും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് പഞ്ചായത്ത് കമ്മറ്റിയിലും, ഗ്രാമസഭയിലും അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത 4 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ചെലവഴിച്ച 19,400( 4850X4) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 മരാമത്ത് പ്രവൃത്തികൾ - ടെണ്ടറുകൾ മത്സരാധിഷ്ഠിതമല്ല

**അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രവൃത്തികൾ -അപാകതകൾ**

2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ ടെണ്ടർ ക്ഷണിച്ച് നടപ്പാക്കിയ 80 മരാമത്ത് പ്രവൃത്തികളിൽ 51 എണ്ണത്തിനും കരാർ സമർപ്പിച്ചത് സിജുമോൻ സി., ചന്ദ്രശേഖരൻ എന്നീ 2 കരാറുകാർ മാത്രമാണ്. പ്രവൃത്തികളുടെ ഗുണനിലവാരവും സാമ്പത്തികലാഭവും ഉറപ്പാക്കുന്നതിന് കൂടുതൽ ടെണ്ടറുകൾ ലഭിക്കുന്നതാണ് ഉത്തമം.

ബില്ലുകൾ സമർപ്പിക്കുന്നതിൽ കാലതാമസം - 20 ലക്ഷത്തോളം രൂപ ലാപ്സായി

മരാമത്തുപ്രവൃത്തികൾ പൂർത്തീകരിച്ച് യഥാസമയം ബില്ലുകൾ സമർപ്പിക്കാതിരുന്നതിനാൽ 9 ബില്ലുകൾ ക്യൂ ലിസ്റ്റിൽ പെടുകയും 2019-20 വർഷം പണമാക്കുകയും ചെയ്തിട്ടുണ്ട്. തന്മൂലം 2019-20 വർഷം പഞ്ചായത്തിനു ലഭിച്ച അലോട്ടുമെന്റിൽ നിന്ന് 20 ലക്ഷത്തോളം രൂപ നഷ്ടമായിട്ടുണ്ട്. ബില്ലുകൾ യഥാസമയം തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കേണ്ടതും മേല്പറഞ്ഞ തരത്തിലുള്ള നഷ്ടം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-33 വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് -പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്ട് നം.153/19

ചെലവ് - 5,58,688(മെയിന്റനൻസ് ഗ്രാന്റ്)

(ബിൽ നം.4/18.6.18)

കരാറുകാരൻ - സിജുമോൻ സി.

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രോജക്ട് പ്രകാരം തോടനാൽ അങ്കണവാടിയ്ക്ക് അടുക്കളനിർമ്മാണം, തോക്കാട് അങ്കണവാടി അറ്റകുറ്റപ്പണി എന്നീ രണ്ടു പ്രവൃത്തികൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. പ്രാദേശികപരിശോധനയിൽ തോടനാൽ അങ്കണവാടിക്കെട്ടിടത്തിനു സമീപത്തായി അടുക്കളയ്ക്കാവശ്യമായ യാതൊരു സംവിധാനങ്ങളുമില്ലാത്ത ഒരു ചെറിയ ഹാൾ നിർമ്മിച്ചിരിക്കുന്നതായി കണ്ടു. അടുക്കളയ്ക്കാവശ്യമായ കിച്ചൺസ്ലാബ്, അടുപ്പ്, പുകക്കുഴൽ, സിങ്ക് തുടങ്ങിയ യാതൊരു സംവിധാനങ്ങളും നിർമ്മിച്ചിട്ടില്ല. ഇവ ഒഴിവാക്കി പുതുക്കിയ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. നിലവിലുള്ള അങ്കണവാടിയുടെ അടുക്കള കാലപ്പഴക്കം ചെന്നതും പരിമിതമായ സൗകര്യങ്ങളോടു കൂടിയതുമാണ്. ഈ സാഹചര്യത്തിൽ അടുക്കളനിർമ്മാണത്തിനു വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ് പുതുക്കി ഹാൾ നിർമ്മിക്കാനിടയായ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റിലും അടുക്കളനിർമ്മാണം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തി നടപ്പാക്കിയതിനു ശേഷം ചെയ്ത പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയതായാണ് മനസ്സിലാകുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.25/19.11.19 ന് മറുപടി ലഭിച്ചിട്ടില്ല. മേൽവിവരിച്ച സാഹചര്യത്തിൽ പ്രവൃത്തിയ്ക്ക് ചെലവഴിച്ച 3,28,657 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**തോക്കാട് അങ്കണവാടി മെയിന്റനൻസ് - മതിയായ തുക വകയിരുത്തിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല**

തോക്കാട് അങ്കണവാടിയുടെ റൂഫിംഗ്, സീലിംഗ്, വാട്ടർടാങ്ക് വാങ്ങി സ്ഥാപിക്കൽ, കതകുകളും ജനാലകളും മാറ്റി

പുതിയവ പിടിപ്പിക്കൽ, ടൈൽ പാകൽ തുടങ്ങിയ അറ്റകുറ്റപ്പണികൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. മതിയായ തുക ശേഷിച്ചിട്ടും അങ്കണവാടിയുടെ പഴക്കം ചെന്ന് ഉപയോഗശൂന്യമായ കതകുകളും ജനലുകളും മാറ്റിയിട്ടില്ല. പ്രാദേശികപരിശോധനയിൽ തറയിലും ഭിത്തിയിലും പാകിയിട്ടുള്ള ടൈലുകൾ പലതും ഇളകിപ്പോയതായി കാണപ്പെട്ടു. ചെയ്ത പ്രവൃത്തി ഗുണനിലവാരമുള്ളതായിരുന്നില്ലെന്ന് ഇതു വ്യക്തമാക്കുന്നു. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ പ്രവൃത്തി പുനപരിശോധന നടത്തേണ്ടതും അപാകതകൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതുമാണ്. അറ്റകുറ്റപ്പണികൾ ഭാഗികമായി നടപ്പാക്കാതെ പൂർണ്ണമായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് ഭരണസമിതിയുടെയും വികസനകാര്യ/ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-34 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ

പ്രോജക്റ്റ് നം.18/19

മുട്ടക്കോഴിയും കൂടും വിതരണം(വനിത)

ചെലവ്

വികസനഫണ്ട് - 3,04,000

ഗുണഭോക്തൃവിഹിതം-4,25,000

ആകെ -7,29,000

പ്രോജക്റ്റ് പ്രകാരം 850 ഗുണഭോക്താക്കൾക്ക് 10 കോഴിക്കുഞ്ഞുങ്ങളെ വീതം 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. തങ്കച്ചൻ, കണയങ്കൽ പൗൾട്രി ഫാം മേവട, ലൗലി ജോർജ്, കപ്പലുമാക്കൽ പൈക എന്നിവരാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തത്. ശ്രീമതി ലൗലി ജോർജ് വിതരണം ചെയ്ത 510 കോഴിക്കുഞ്ഞുങ്ങൾ ഒഴികെ ബാക്കി 7990 എണ്ണവും വിതരണം ചെയ്തത് ശ്രീ തങ്കച്ചനാണ്. പദ്ധതി നിർവ്വഹണത്തിൽ പുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) പ്രധാന വിതരണക്കാരനായ ശ്രീ.തങ്കച്ചൻ മണർകാട് റീജണൽ പൗൾട്രി ഫാം, സെൻട്രൽ ഹാച്ചറി ചെങ്ങന്നൂർ, എവറസ്റ്റ് എന്റർപ്രൈസസ് ആനക്കല്ല് കാഞ്ഞിരപ്പള്ളി എന്നീ സ്ഥാപനങ്ങളിൽ നിന്ന് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടുള്ളതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. ഇതിൽ എവറസ്റ്റ് എന്റർപ്രൈസസ് എന്ന സ്ഥാപനം ഗവ. അംഗീകൃതമല്ല.

2) ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ സാക്ഷ്യപത്രപ്രകാരം ശ്രീ.തങ്കച്ചന്റെ ഉടമസ്ഥതയിലുള്ള നേഴ്സറിയുടെ കപ്പാസിറ്റി 1500 ആണ്. എന്നാൽ ടിയാൻ 1.1.19 തീയതിയിൽ 1680, 24.2.19ൽ 2880, 25.3.19ൽ 1930 എന്നിങ്ങനെ അനുവദനീയമായ കപ്പാസിറ്റിയിലധികം കോഴിക്കുഞ്ഞുങ്ങളെ വിതരണംചെയ്തിട്ടുള്ളതായി കാണുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.5/15.11.19ന് എല്ലാ എഗ്ഗർ നേഴ്സറികൾക്കും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ മണർകാട് റീജണൽ പൗൾട്രിഫാമിനു സാധിക്കാതെ വന്നതിനാലാണ് സ്വകാര്യ ഏജൻസിയിൽ നിന്ന് കോഴികളെ വാങ്ങേണ്ടി വന്നത് എന്ന് വെറ്ററിനറി സർജൻ മറുപടി നൽകിയിട്ടുണ്ട്. അനവദനീയമായ കപ്പാസിറ്റിയിലധികം കോഴികളെ വിതരണം ചെയ്യാനിടയായതിന് കൃത്യമായ വിശദീകരണം നൽകിയിട്ടില്ല.

സ്വകാര്യ ഏജൻസികൾ വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങളുടെ ഗുണനിലവാരവും പ്രതിരോധകുത്തിവെയ്പ്പ് സംബന്ധിച്ച വിവരങ്ങളും ഉറപ്പാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇവയെ ആശ്രയിക്കുന്നത് ശരിയായ നടപടിയല്ല. പ്രോജക്റ്റ് നടപ്പാക്കുമ്പോൾ സർക്കാർ അംഗീകൃതഫാമുകളിൽ നിന്നും നേഴ്സറികളിൽ നിന്നും മതിയായ എണ്ണം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-35 കന്നുകുട്ടിപരിപാലനം - പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്റ്റ് നം.49/19

ചെലവ് - 3,75,000(വികസനഫണ്ട്)

പ്രോജക്ടിലുൾപ്പെട്ട 30 ഗുണഭോക്താക്കളുടെ 4-6 മാസം വരെയുള്ള കിടാക്കൾക്ക് 32 മാസം വരെയോ, പ്രസവം വരെയോ 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചത്. പ്രോജക്ടിന്റെ പഞ്ചായത്ത് വിഹിതം 12,500 രൂപ വീതം 3,75,000 രൂപ(ബിൽ നം.1/20.12.18)അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേവട ക്ഷീരോല്പാദക സഹകരണസംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തുന്നത്. സഹകരണസംഘത്തിന്റെ വിതരണരജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങാതിരിക്കുകയോ ഭാഗികമായി മാത്രം വാങ്ങുകയോ ചെയ്തിട്ടുള്ളതായും ഇവർക്കുള്ള വിതരണം നിർത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | വാങ്ങിയ കാലയളവ് |
|---|---|
| വത്സല വിജയൻ, മുതുകുന്നേൽ | 7/19 വരെ |
| ത്രേസ്യാമ്മ കുടിയിരുപ്പിൽ | വാങ്ങിയിട്ടില്ല |
| രാധാമണി വലിയകുന്നേൽ | 9/19 വരെ |
| കത്രീനാചാക്കോ പള്ളിപ്പറമ്പിൽ | 10/19 വരെ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/15.11.19 ന് ത്രേസ്യാമ്മ കുടിയിരുപ്പിൽ എന്ന ഗുണഭോക്താവിന് പ്രോജക്ടിന്റെ ആദ്യമാസം മുതൽ തന്നെ കിടാവ് ഇല്ലാത്തതിനാലും മറ്റുള്ളവർക്ക് നിലവിൽ കിടാവില്ലാത്തതിനാലുമാണ് കാലിത്തീറ്റവിതരണം നിർത്തിയത് എന്നുമാണ് മറുപടി നൽകിയത്. ഗുണഭോക്താക്കളുമായി ചമയ്ക്കുന്ന കരാർ പ്രകാരം പ്രോജക്ടിന്റെ കാലാവധി പൂർത്തീകരിക്കാതെ കന്നുകുട്ടികളെ വിൽക്കുന്നപക്ഷം സബ്സിഡിയായി അനുവദിച്ച തുക തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ മേല്പറഞ്ഞ ഗുണഭോക്താക്കൾക്ക് അനുവദിച്ച സബ്സിഡി തിരികെ ഈടാക്കുന്നതിന് വെറ്ററിനറി സർജൻ പാലാ സർക്കിളിനോട് ശുപാർശ ചെയ്തിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ-ഇല്ല

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് പരാമർശങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-2019 | 21/5/2019, 20.5.19 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 23.05.2019ലെ കെ.എസ്.എ-കെ.ടി.എം.പി.7/614/2019 നമ്പരായി

വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 18.09.2018 | 4,00,000 | തണ്ണീറാമുട്ടം തട്ടു പാലം റോഡ് കലുങ്ക് നിർമ്മാണം | 4,00,000 | |
| ജില്ല പഞ്ചായത്ത് | 18.09.2018 | 7,00,000 | തമ്പഴത്തോട്ടത്തിൽ വലിയ പറമ്പ് ചെക്ക് ഡാം നിർമ്മാണം | 4,88,943 | 2,11,057 |
| ജില്ല പഞ്ചായത്ത് | 26.09.18 | 6,30,350 | ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ | 6,30,158 | 192 |
| ജില്ല പഞ്ചായത്ത് | 14.01.19 | 1,25,000 | സ്കോളർഷിപ്പ് | 1,25,000 | 0 |
| ജില്ല പഞ്ചായത്ത് | 14.01.19 | 4,00,000 | എസ്.സി.പി പഠന മുറി | 2,00,118 | 1,99,882 |
| ജില്ല പഞ്ചായത്ത് | 23.03.19 | 1,00,000 | പാലിന് സബ്സിഡി | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 07.07.18 | 2,00,000 | പാലിയേറ്റീവ് കെയർ | 1,99,740 | 260 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 14.08.18 | 7,42,534 | ലൈഫ് മിഷൻ | 7,42,534 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 14.08.18 | 1,00,000 | പാലിന് സബ്സിഡി | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 16.03.19 | 2,02,500 | ലൈഫ് മിഷൻ ബ്ലോക്ക് ഷെയർ | 2,02,500 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഈയിനത്തിൽ ഓഡിറ്റ് വർഷം ചെലവില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന വായ്പ | ജി.ഒ.ആർ.ടി. 823/10/ | 23,00,000 | 3,42,386 | -- | 2,30,000 | 1,12,386 |

| | | | | | | |
|---|---|---|---|---|---|---|
| | ത.സ്വ.ഭ.വ തീയതി 11.03.10 | | | | | |
| കെ.യു.ആർ.ഡി.എഫ്.സി. | | 58,79,842 | 0 | 58,79,842 | 0 | 58,79,842 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

തോടനാൽ സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം.19/25.2.2015ൽ 2,75,483 രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | തോടനാൽ സർവ്വീസ് സഹകരണ ബാങ്ക് |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,75,483 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ | 26,855 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 26,855 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2,75,483 |
| സ്ഥിര നിക്ഷേപ നമ്പർ | 19/25.2.15 |

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000<br>17(ഘ) | 2001-02<br>5-3 | പണം പിൻവലിച്ചതിൽ ഗുരുതരമായ ക്രമക്കേട് | തീർപ്പാക്കിയിട്ടില്ല |
| 2000-01<br>ഭാഗം 1- 4(2) | 2004-05<br>3-5 (2) | കെട്ടിട നികുതി ഡിമാന്റിൽ ചേർത്ത് അടച്ചില്ല | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഈ ഇനത്തിൽ തുകയോന്നും വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,50,72,388.9 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,58,46,087 |
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർചാർജ് ചെയ്യാവുന്നത്) | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,41,083 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-19 | 35,000 | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |
| 1-23 | 1,680 | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |
| 1-24 | 4,530 | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |
| 1-26 | 21,816 | ശ്രീ.ലിജോ ജോബ്, സെക്രട്ടറി |
| 1-30 | 30,000 | ശ്രീമതി യമുനദേവി, ഹെഡ്മിസ്ട്രസ് |
| 1-31 | 19,400 | ശ്രീമതി യമുനദേവി, ഹെഡ്മിസ്ട്രസ് |
| 1-33 | 3,28,657 | ശ്രീ.അനിൽകുമാർ ഡി., അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **4,41,083** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 | നം.എൽ.എഫ്.കെ.പി.2/1177/94/7.7.95 | - |
| 1995-96 | നം.എൽ.എഫ്.കെ.പി.7/343/11/2.4.11/6.4.11 | 2 |
| 1997-98(ചെലവ്) | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ./18/215(1)/ 03.03.18 | 2 |
| 1998-99 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ./18/215(2)/ 03.03.18 | 3 |
| 1999-2000 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ./18/215(3)/ 03.03.18 | 1 |
| 2000-01 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ./18/215(4)/ 03.03.18 | 6 |
| 2001-02 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ./18/215(5/ 03.03.18 | 1 |

| | | |
|---|---|---|
| 2002-03 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ./18/215(6)/ 03.03.18 | 3 |
| 2003-04 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/215(8)/ 18/3.3.18 | 2 |
| 1998-99 (വരവ്) | നം.എൽ.എഫ്.കെ.പി.7/345/11/2.4.11/6.4.11 | 6 |
| 2004-05 | നം.കെ.എസ്.എ-കെ.ടി.എം.പി.7/(അദാ)18/ 215(9)18/3.3.18 | 9 |
| 2005-06 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/18/215(10)/ 18/3.3.18 | 7 |
| 2006-07 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/ 18/215(11)18 /3.3.18 | 5 |
| 2007-08 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/18/215(12)/ 18/3.03.18 | 4 |
| 2008-09 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/18/215(13)/ 18/3.3.18 | 1 |
| 2009-10 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/18/215(14)/ 18/3.3.18 | 5 |
| 2010-11 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/18/215(15)/ 18/3.3.18 | 3 |
| 2011-12 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/18/215(16)/ 18/3.3.18 | 5 |
| 2012-13 | നം.എൽ.എഫ്.കെ.പി.7/601/15/30.9.15 | 11 |
| 2013-14, 14-15 | കെ.എസ്.എ-കെ.ടി.എം.പി7/1639/17/21.11.17 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി7/1640/17/21.11.17 | 13 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി7/2025/17/26.12.17 | 13 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി7/18/2019/20.02.2019 | 27 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ-കെ.ടി.എം.പി7/1779/2019** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി:28.01.2020**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം